# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2401: 18/12/2012- ൽ മറുപടിക്ക്

## ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് നൽകി വന്നിരുന്ന പദ്ധതി സഹായങ്ങൾ

ചോദ്യം

ഉത്തരം

ശ്രീ. ഇ. പി. ജയരാജൻ :
" കെ. കുഞ്ഞമ്മത് മാസ്റ്റർ :
" വി. ശിവൻകുട്ടി :
" സി. കൃഷ്ണൻ:

ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് നൽകി വന്നിരുന്ന മാർജിൻ മണി വായ്പ, മൂലധന സബ്സിഡി, സാങ്കേതിക വിദ്യാവികസന സബ്സിഡി, ഗ്യാരണ്ടി ഫീസ് തുടങ്ങിയ പദ്ധതി സഹായങ്ങൾ നിർത്തലാക്കിയിട്ടുണ്ടോ ; | (എ) | നിർത്തലാക്കിയിട്ടില്ല. 01/04/2012 മുതൽ<br>1. വനിതാ വ്യവസായ പദ്ധതി<br>2. മാർജിൻ മണി വായ്പ<br>3. സംസ്ഥാന മൂലധന നിക്ഷേപ പദ്ധതി<br>4. ലഘു ചെറുകിട വ്യവസായങ്ങൾക്കുള്ള ഒറ്റത്തവണ ഗ്യാരന്റി ഫീസും വാർഷിക സർവ്വീസ് ഫീസും തിരികെ നൽകുന്ന പദ്ധതി.<br>5. സാങ്കേതിക വിദ്യാ വികസന ഫണ്ട് പദ്ധതി<br>6. വിദ്യാസമ്പന്നരായ യുവജനങ്ങൾക്ക് സ്വയം തൊഴിൽ നൽകുന്ന പദ്ധതി.<br>7. വനിതാ വ്യവസായ സംരംഭകർക്ക് ഗ്രാന്റ് അനുവദിക്കാനുള്ള പദ്ധതി.<br>8. പഴം-പച്ചക്കറി അടിസ്ഥാനമായുള്ള യൂണിറ്റുകൾക്ക് നൽകുന്ന വിറ്റുവരവ് സബ്സിഡി.<br>9. പ്രവാസി കേരളീയർ തുടങ്ങുന്ന ചെറുകിട വ്യവസായങ്ങൾക്കുള്ള മാർജിൻ മണി വായ്പ |

| | | | |
|---|---|---|---|
| | | | എന്നീ പദ്ധതികൾ സംയോജിപ്പിച്ച് സംരംഭകത്വ സഹായ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സംരംഭകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കി പദ്ധതികൾ കൂടുതൽ ലളിതമാക്കുന്നതിനും അവർക്ക് മികച്ച പിന്തുണ നൽകുന്നതിനും വേണ്ടിയാണ് പ്രസ്തുത പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ഈ സാമ്പത്തിക വർഷം ഈ സംയോജിത പദ്ധതിക്കായി 25.40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ നിർത്തലാക്കാനിടയായ സാഹചര്യം വിശദമാക്കുമോ ; ഇത്തരത്തിൽ എത്ര പദ്ധതികൾ നിർത്തലാക്കുകയുണ്ടായി ; അവ ഏതെല്ലാം ;സർക്കാർ പ്രഖ്യാപിച്ച എൻട്രപ്രണർ സപ്പോർട്ട് സ്കീമിൽ നിന്നും ഇതിനകം എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ ; | (ബി) | സംരംഭകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കി പദ്ധതികൾ കൂടുതൽ ലളിതമാക്കുന്നതിനും അവർക്ക് മികച്ച സേവനവും സാമ്പത്തിക സഹായവും നൽകുന്നതിനു വേണ്ടി മുകളിൽ പറഞ്ഞ ഒൻപതു പദ്ധതികൾ സംയോജിപ്പിച്ചാണ് പുതിയ സംരംഭകത്വ സഹായ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ഈ പദ്ധതിയിൽ നിന്നും 14 ജില്ലകളിലും കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലുമായി കഴിഞ്ഞ വർഷം (2011-12) ജില്ലാതല/സ്റ്റേറ്റ് തലത്തിൽ പാസ്സാക്കിയ സംസ്ഥാന മൂലധന നിക്ഷേപ സബ്സിഡി സ്കീമിൽ 8,97,19,594/ രൂപ ഇതുവരെ അനുവദിക്കുകയുണ്ടായിട്ടുണ്ട്. |
| (സി) | സൂക്ഷ്മ ഇടത്തരം- ചെറുകിട സംരംഭങ്ങളെ വ്യവസായ വകുപ്പ് അവഗണിക്കുന്നതുമൂലം വ്യവസായികൾ കടുത്ത ആശങ്കയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സംരംഭകത്വ സഹായ പദ്ധതിയിലൂടെ സംരംഭകർക്ക് കൂടുതൽ മെച്ചമായ സേവനം നൽകാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ